LIBRARY ARCHIVES Kerala Legislative Assembly

പിന്നാക്കക്ഷേമ വകുപ്പിന്റെ പദ്ധതികൾ

80(5527) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നാക്ക ക്ഷേമവകുപ്പ് രൂപീകൃതമായത് എന്നാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പിന്നാക്ക വിഭാഗ വികസന വകുപ്പ് രൂപീകരിച്ച് 16-10-1999-ലെ സ.ഉ.(കൈ) നമ്പർ 93/1999/പ.ജ.പ.വ.വി.വ. പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 19-11-2011-ലെ സ.ഉ.(കൈ)നമ്പർ 116/2011/പ.ജ.പ.വ.വി.വ. പ്രകാരം ഡയറക്ടർ ഉൾപ്പെട്ട 10 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് 12-11-2011-ലാണ് വകുപ്പിന്റെ പ്രവർത്തനം ആരംഭിച്ചത്.

(ബി) പ്രസ്തുത വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ, അപേക്ഷാ ഫാറത്തിന്റെ മാതൃകകൾ, മാനദണ്ഡങ്ങൾ എന്നിവ വിശദമാക്കാമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ, അപേക്ഷാ ഫാറത്തിന്റെ മാതൃകകൾ, മാനദണ്ഡങ്ങൾ എന്നിവ അനുബന്ധമായി ചേർക്കുന്നു.*

അരുവാക്കോട് കുംഭാര കോളനിയിൽ നടപ്പാക്കുന്ന പദ്ധതികൾ

81(5528) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ, അരുവാക്കോട് കുംഭാര കോളനിയിൽ പിന്നോക്ക വിഭാഗ കോർപ്പറേഷൻ മുഖേന ഏതെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഇല്ല. എന്നാൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന "കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി" പ്രകാരം 2019-20 വർഷം വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അരുവാക്കോട് കോളനിയുടെ വികസനത്തിനായി നിലമ്പൂർ നഗരസഭ മുഖാന്തരം ശിപാർശ സമർപ്പിച്ചിരുന്നെങ്കിലും പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ ടി ശിപാർശ പരിഗണിക്കാൻ സാധിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഉണ്ടെങ്കിൽ നടപടികളുടെ പുരോഗതിയും മതിപ്പുതുകയടക്കമുള്ള വിശദാംശങ്ങളും പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

&

(സി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങളും നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) ബാധകമല്ല.

(ഡി) പദ്ധതിയോടനുബന്ധിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോയെന്നും പദ്ധതിയുടെ നിർവ്വഹണം വൈകുന്നതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ?

പ്രസ്തുത പദ്ധതിപ്രകാരം അരുവാക്കോട് കോളനി വികസനത്തിനായി പൊതുസ്ഥലം ലഭ്യമായിരുന്നു. ടി കോളനിയിൽ മൺപാത്ര തൊഴിൽ ചെയ്യുന്ന കുടുംബങ്ങളുടെ എണ്ണം പദ്ധതി മാനദണ്ഡപ്രകാരം നിഷ്കർഷിച്ചിട്ടുള്ളതിലും കുറവാണെന്ന കാരണത്താൽ അപേക്ഷ റദ്ദ് ചെയ്തിട്ടുള്ളതാണ്.

(ഇ) പ്രസ്തുത കോളനിയിൽ എത്ര കുടുംബങ്ങളാണുള്ളതെന്നും എത്ര കുടുംബങ്ങൾ മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്നും അറിയിക്കാമോ?

ടി കോളനിയിൽ ആകെ 131 കുടുംബങ്ങൾ ഉള്ളതിൽ പരമ്പരാഗത മൺപാത്ര തൊഴിൽ ചെയ്തുവരുന്ന 20 കുടുംബങ്ങളാണുള്ളത്.

(എഫ്) മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുള്ള കുംഭാരൻമാരുടെ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ വിശദമാക്കാമോ?

പിന്നാക്കവിഭാഗ വികസന വകുപ്പ് മുഖേന പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ നവീകരിക്കുന്നതിനുള്ള ധനസഹായം, കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ഈ മേഖലയിലുള്ള കളിമൺ പാത്ര നിർമ്മാണ യൂണിറ്റുകളുടെ ആധുനികവൽക്കരണം/പുതിയ യൂണിറ്റുകളുടെ നിർമ്മാണം/ ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവ ലക്ഷ്യമാക്കി കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ മുഖേന കളിമൺപാത്ര നിർമ്മാണ യൂണിറ്റ് വായ്പാ പദ്ധതി, കളിമൺപാത്ര വിപണന വായ്പാ പദ്ധതി എന്നീ രണ്ട് വായ്പാ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly